"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി - പകൽ വീട് പദ്ധതിയുടെ നടത്തിപ്പിനായി ഭൂമി ഏറ്റെടുക്കലും കെട്ടിട നിർമ്മാണവും അനുബന്ധ വികസനവും - ഭരണാനുമതി ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.858/2024/F&P തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:-

1. 19-01-2023 -ാം തീയതിയിലെ സ.ഉ.(സാധാ നം.59/2023/മ.തു.വ
2. 25-01-2023-ാം തീയതിയിലെ സ.ഉ. (സാധാ) നം.423/2023/റവ.
3. 10-11-2023-ാം തീയതിയിലെ സ.ഉ.(സാധാ) നം.894/2023/മ.തു.വ
4. ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി, ബഹു.മത്സ്യബന്ധന വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 10-07-2024-ാം തീയതി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്
5. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 24-10-2024 തീയതിയിലെ VISL/88/2021-GM1(E)/641 നം. കത്ത്.

**<u>ഉത്തരവ്</u>**

വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പുനരധിവാസ പാക്കേജിന്റെ ഭാഗമായി പകൽ വീട് നിർമ്മിക്കുന്നതിന് വേണ്ടി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് 06-10-2021 തീയതിയിലെ മോണിറ്ററിംഗ് കമ്മറ്റിയിൽ തീരുമാനിച്ചിരുന്നു.

2. പരാമർശം 1 - ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പുനരധിവാസ പാക്കേജിന്റെ ഭാഗമായി പകൽ വീട് (Geriatric Centre) സ്ഥാപിക്കുന്നതിനായി വിഴിഞ്ഞം വില്ലേജിലെ 25619 -ാം നമ്പർ തണ്ടപ്പേർ അക്കൗണ്ട് പ്രകാരമുള്ള ശ്രീ. വിമൽകുമാർ, ടിയാൻ ഭാര്യ കരുണ. എസ്. വിജയ എന്നിവരുടെ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നം. 14 - ൽ റീ സർവ്വെ നം. 337/8-4 ൽ 22.37 ആർ പുരയിടത്തിൽ നിന്നും 8.10 ആർ (20 സെന്റ്) ഭൂമി ആർ ഒന്നിന് 8,62,932/- രൂപ ക്രമത്തിൽ ആകെ 69,89,749/- രൂപയുടെ ഭരണാനുമതി നല്കി ഉത്തരവായിരുന്നു.

3. പരാമർശം 3 - ലെ ഉത്തരവ് പ്രകാരം പകൽ വീട് (Geriatric Centre) സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന് 1,44,28,793/- രൂപയും പകൽ വീട് നിർമ്മാണത്തിനായി 4 കോടി രൂപയും, ഉൾപ്പടെ ആകെ തുകയായ 5,44,28,793/- രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവായിരുന്നു.

4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ജീവനോപാധി നഷ്ടപരിഹാരവും മറ്റു നിരവധി വിഷയങ്ങൾ ചർച്ച ചെയ്യുവാനായി 10-07-2024 -ാം തീയതി ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. തുറമുഖ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പകൽ

വീട് നിർമ്മിക്കുന്നതിന് കണ്ടെത്തിയ സ്ഥലം ഒഴിവാക്കണമെന്ന ഇടവകയുടെ ആവശ്യം പരിശോധനയിൽ ന്യായമാണെന്ന് കണ്ടതിനാൽ വേണ്ടെന്ന് വെക്കാനും പകരമായി പുതിയ സ്ഥലം കണ്ടെത്താനും തീരുമാനിച്ചു.

5. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ച് കഴിഞ്ഞതായും, പ്രസ്തുത സ്ഥലം ഏറ്റെടുത്താലും പകൽ വീട് നിർമ്മിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്നും, സ്ഥലമേറ്റെടുക്കൽ നടപടികൾ റദ്ദ് ചെയ്യുകയോ, ഉചിതമായ തലത്തിൽ ആവശ്യമായ തീരുമാനം ലഭ്യമാക്കുവാനും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം 5 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പുനരധിവാസ പാക്കേജിന്റെ ഭാഗമായി പകൽ വീട് (Geriatric Centre) സ്ഥാപിക്കുന്നതിനായി വിഴിഞ്ഞം വില്ലേജിലെ 25619 -ാം നമ്പർ തണ്ടപ്പേർ അക്കൗണ്ട് പ്രകാരമുള്ള ശ്രീ. വിമൽകുമാർ, ടിയാൻ ഭാര്യ കരുണ. എസ്. വിജയ എന്നിവരുടെ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് നം. 14 - ൽ റീ സർവ്വെ നം. 337/8-4 ൽ 22.37 ആർ പുരയിടത്തിൽ നിന്നും 8.10 ആർ (20 സെന്റ്) ഭൂമി ഏറ്റെടുക്കുന്നതിനും പകൽ വീട് നിർമ്മാണത്തിനും 5,44,28,793/- രൂപയുടെ ഭരണാനുമതി അനുവദിച്ച പരാമർശം 3 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ഫിഷറീസ് വകുപ്പ്
മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 09-12-2024 11:08:24

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്